ഓർമ്മ

# ചൊറിയും ചിരങ്ങും



അഷ്ടമൂർത്തി

കാലിനു താഴെയാണ് അധികമുണ്ടാവുക. എന്നാലും ദേഹത്ത് എവിടെയും വരാം. ആദ്യം ചുവന്ന ഒരു പൊട്ട്. പിന്നെ അതിനു ചുറ്റും കുറച്ചു വെളുപ്പ്. അതു ക്രമേണ തിടംവെച്ച് ചലം കെട്ടി നിൽക്കുന്നു. മൂക്കുന്നതു വരെ കടുത്ത വിങ്ങലാണ്. പാകമായാൽ എപ്പോൾ വേണമെങ്കിലും പൊട്ടാം. പൊട്ടിയൊലിച്ചാൽ ആ വഴി മുഴുവൻ പിറ്റേന്ന് ചെറിയ ചെറിയ പൊളുകനുകൾ മുളച്ചു വരും. അങ്ങനെ അതു പടർന്നു പടർന്ന് ഒരാഭരണം പോലെയാവും.

കുളിയ്ക്കാൻ മടി തുടങ്ങും. കാരണം പുഴയിലിറങ്ങാൻ പേടിയാണ് മത്സ്യങ്ങൾ പൊളുകൻ കൊത്തിക്കൊണ്ടു പോവും. മരണവേദനയാണ്. ഒപ്പം താമസിച്ചിരുന്ന മാധവി വിടില്ല. വെള്ളത്തിൽ ഇറക്കി നിർത്തി കോട്ടോത്തിന്റില കൊണ്ട് ഉരച്ചു കഴുകാൻ തുടങ്ങും. പ്രാണൻ പോവും. മാധവിയെ അടിയ്ക്കുകയും മാന്തുകയുമൊക്കെ ചെയ്യും. അതിനിടയ്ക്കാണ് മത്സ്യങ്ങളുടെ ഓർക്കാപ്പുറത്തുള്ള ആക്രമണം. മത്സ്യങ്ങൾ പക്ഷേ പരോപകാരികളാണ്. അവർ കടിച്ചാൽ ഏറെ വൈകാതെ പൊളുകൻ ഭേദമാവും. പക്ഷേ വേദന സഹിയ്ക്കുകയില്ല. കരഞ്ഞുകൊണ്ടാണ് കുളിച്ചുകയറി വരിക.

എട്ടാം ക്ലാസ്സിൽ പഠിയ്ക്കുമ്പോൾ കയ്യിൽത്തന്നെ ആഭരണം പ്രത്യക്ഷമായി. ആദ്യം ഒന്നോ രണ്ടോ. പിന്നെ ഉള്ളംകയ്യിലും പുറത്തും. പിന്നെ വിരലുകൾക്കിടയിൽ. പിന്നെ കൈ നിറയെ. കഷായവും ആസവവുമായി എത്രകുപ്പി സേവിച്ചു എന്നു കണക്കില്ല. ഉള്ളിലെ ദുഷ്ട് മുഴുവൻ പുറത്തു വരികയാണ് എന്നു വൈദ്യൻ. രോഗം വേരോടെ പിഴുതു മാറ്റണമല്ലോ. അതിനിടയിൽ പുസ്തകം പിടിയ്ക്കാൻ പറ്റാതായി, എഴുതാൻ വയ്യാതായി, ഉണ്ണാനും ഉടുക്കാനും പരസഹായം വേണമെന്നായി. സ്കൂളിൽപ്പോക്കു നിർത്തി. ആയിടെ അമ്മാമന്റെ വേളിയ്ക്ക് പാലക്കാട്ടേയ്ക്കു പോവുമ്പോൾ തൃശൂർ ട്രാൻസ്പോർട്ട് ബസ് സ്റ്റാന്റിൽ വെച്ച് എന്നെ സഹാനുഭൂതിയോടെ നോക്കിയ ഒരു പെൺകുട്ടിയുടെ മുഖം ഇപ്പോഴും ഓർമ്മയുണ്ട്.



അമ്മാമൻ ലോപ്പതി ഡോകോഴ്സ് ആന്റിത്സ. പിന്നെ വ

ഇന്നത്തെമ്പോൾ ഞാനആർക്കും ചൊളുകനുമൊന്നുമിമാത്രം കാര്യമപണ്ട് ഈ അകൾ ഇല്ലായിരുയാം. ഒരു പവിതരീതിയുടെരുപ്പിട്ടു നടക്കയിരുന്നു അന്ന്. യസ്സിൽ ബോംന്നതിനു തൊട്ടുമായി ചെരുപ്പിനേരിട്ട് സ്പർശമുമണ്ണിൽ കിളയ്ക്കു

കയ്യോടെ പിടിച്ച് അകൂറെ കാണിച്ചു. ഒരുബയോട്ടിക്ക് ചികിന്നിട്ടില്ല.

കുട്ടികളെ കാണുതപ്പെടാറുണ്ട്. റിയും ചിരങ്ങും പൊല്ലല്ലോ എന്ന്. എന്റെല്ല ഞാൻ പറഞ്ഞത്. സുഖമില്ലാത്ത കുട്ടിന്നു എന്നു തന്നെ പറക്ഷേ അന്നത്തെ ജീവ്യത്യാസമാവാം. ചെന്ന കുട്ടികൾ കുറവാ(ഇരുപത്തി രണ്ടാം വബെയ്ക്കു വണ്ടി കയറുമുമ്പാണ് ഞാൻ ആദ്യട്ടുന്നത്). മണ്ണുമായിണ്ടായിരുന്നു. പക്ഷേന്നതിന് അന്നും വില

ക്കുണ്ടായിരുന്നു. ചൊറിയും ചിരങ്ങും പിടയ്ക്കും എന്നു പറഞ്ഞു തന്നെയായിരുന്നു ശകാരം. അന്ന് ഇന്നത്തെപ്പോലെ കംപ്യൂട്ടറും ടിവിയും ഒന്നുമുണ്ടായിരുന്നില്ലല്ലോ. പിന്നെ മണ്ണിൽ കളിയ്ക്കുകയല്ലാതെ എന്തുചെയ്യാൻ!

എന്നാലും ഇന്ന് ആലോചിയ്ക്കുമ്പോൾ അതൊക്കെ നല്ലതിനായിരുന്നു എന്ന ഒരു തോന്നലാണെനിയ്ക്ക്. അന്നത്തെ ആ ബാലാരിഷ്ടതകൾ കാരണമാവാം പിന്നീട് വലിയ രോഗങ്ങളൊന്നും ഉണ്ടായിട്ടില്ല. വൈദ്യൻ പറഞ്ഞതുപോലെ ഉള്ളിലെ ദുഷ്ടു മുഴുവൻ പുറത്തുപോയതാണോ ആവോ.

*കടലായിൽ മന, ആറാട്ടുപുഴ, തൃശൂർ*

വിഭാഗമായി പരിഗണിക്കപ്പെടേണ്ടതുമാണ്. എന്നാൽ ജനകീയാടിത്തറയുള്ളതുകൊണ്ടും ജനങ്ങൾക്ക് വിശ്വാസമുള്ളതുകൊണ്ടുമാണ് ഇത് നിലനിൽക്കുന്നതും പുരോഗമിക്കുന്നതും. കേരളത്തിൽ ഇന്ന് 500 ഓളം കളരികളിലായി ആയിരക്കണക്കിന് പേർ പരിശീലനം നേടുന്നുണ്ട്. ഇതിന് പുറമേ ഓരോ കളരിയിലും ദിനംപ്രതി നിരവധി പേർ മർമ്മ ചികിത്സക്കായി എത്തുന്നുണ്ട്. പക്ഷെ, കേരളത്തിന്റെ തനതായ ഈ ആരോഗ്യ സംരക്ഷണ വ്യവസ്ഥിതിക്ക് ലഭിക്കേണ്ടതായ പ്രാധാന്യം ഇന്നും ലഭ്യമാക്കാൻ സർക്കാരും ബന്ധപ്പെട്ട ഏജൻസികളും തയ്യാറാകുന്നില്ല.

രോഗാവസ്ഥയെ ചെറുക്കാൻ ആരോഗ്യം നിലനിർത്തുകയാണ് ആവശ്യം. രോഗം വന്ന് ചികിത്സ നടത്തുന്നതിനേക്കാൾ എല്ലാം കൊണ്ടും നല്ലത് രോഗം വരാത്ത അവസ്ഥ നിലനിർത്തലാണ്. ഈ ലക്ഷ്യത്തിനാണ് കളരി വിദ്യാഭ്യാസം പ്രാമുഖ്യം നൽകുന്നത്. ആരോഗ്യവും, രോഗവും, സേവനവുമെല്ലാം വെറും കച്ചവടമാക്കപ്പെടുന്ന ഈ കാലഘട്ടത്തിൽ കളരി വിദ്യാഭ്യാസവും മർമ്മ ചികിത്സയും സേവന സിദ്ധാന്തങ്ങൾ പ്രകാരം നടത്താൻ തയ്യാറാകുന്ന നിരവധി പേരുണ്ട് എന്നത് സന്തോഷകരമാണ്.

*പി. വാസുദേവൻ ഗുരുക്കൾ*
*സി.വി.എൻ. കളരി, നെഹ്റു സ്റ്റേഡിയം,*
*നാഗമ്പടം, കോട്ടയം – 686001*